# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 231

05/05/2017 -ൽ മറുപടിയ്ക്ക്.

### ക്ഷീരോല്പാദന, മൃഗസംരക്ഷണ മേഖലയിൽ സമഗ്ര ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോർജ് എം. തോമസ്<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ.സി.കെ.ഹരീന്ദ്രൻ<br>ശ്രീ.കെ.ബാബു | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ക്ഷീരോല്പാദന, മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് പ്രഖ്യാപിച്ചിട്ടുള്ള സമഗ്ര ഇൻഷ്വറൻസ് പദ്ധതിയുടെ വിശദാംശം അറിയിക്കാമോ; | (എ) കന്നുകാലികളുടെ മരണം മൂലവും ഉൽപാദന ശേഷി നഷ്ടപ്പെടുന്നതുമൂലവും കർഷകനുണ്ടാകുന്ന നഷ്ടം പരിഹരിച്ച് അവരെ മൃഗസംരക്ഷണ മേഖലയിൽ തന്നെ നിലനിർത്തുന്നതിന് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിരിക്കുന്ന കന്നുകാലി ഇൻഷ്വറൻസ് പദ്ധതിയാണ് ഗോസമൃദ്ധി. സംസ്ഥാന ബഡ്ജറ്റിൽ പുതിയ പദ്ധതി പ്രഖ്യാപിച്ചതു വഴി കേന്ദ്ര സഹായത്തിന്റെ അഭാവത്തിലും ക്ഷീര കർഷകർക്ക് അവരുടെ വിലയേറിയ ഉരുക്കളുടെ നഷ്ടത്തിൽ നിന്നും സംരക്ഷണം ഉറപ്പു വരുത്താൻ കഴിയും എന്നതാണ് പ്രത്യേകത.ഗോസമൃദ്ധി പദ്ധതിയ്ക്ക് 2017-18 സാമ്പത്തിക വർഷം 5 കോടി രൂപ നീക്കി വച്ചിരിക്കുന്നു.<br>ഇതിനു പുറമേ ഇൻഷ്വറൻസ് പരിരക്ഷ, മറ്റു മാർഗ്ഗങ്ങളിൽ നിന്നുമുള്ള നഷ്ടപരിഹാരം എന്നിവ ലഭിക്കാത്ത കർഷകർക്ക് തങ്ങളുടെ ഉരുക്കൾ നഷ്ടപ്പെട്ടാൽ നഷ്ടപരിഹാരം നൽകുന്നതിന് 1 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന പ്രാഥമിക ക്ഷീരോല്പാദക സഹകരണ സംഘങ്ങൾ, മേഖലായൂണിയനുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് ക്ഷീരവികസന വകുപ്പ് മുഖേന കർഷകരെയും അവരുടെ കുടുംബാംഗങ്ങളെയും കറവമാടുകളെയും ഉൾപ്പെടെ ഇൻഷ്വർ ചെയ്യുന്നതിനുള്ള ഒരു സമഗ്ര പദ്ധതി സർക്കാർ പരിശോധിച്ചു വരുന്നു. ഈ പദ്ധതി പ്രകാരം ഇൻഷ്വറൻസ് പരിരക്ഷകൾക്ക് പുറമെ ചികിത്സാ സഹായവും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) രാത്രികാലങ്ങളിലുൾപ്പെടെ സേവനം ലഭിക്കുന്ന രീതിയിൽ മൃഗചികിത്സാ സംവിധാനം വ്യാപിപ്പിക്കുന്നതിനും മരുന്ന് ലഭ്യത ഉറപ്പാക്കുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി)

- മൃഗാശുപത്രികൾക്ക് മരുന്ന് വാങ്ങുന്നതിനുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 12 കോടിയിൽ നിന്നും 15 കോടി രൂപയായി വർദ്ധിപ്പിച്ചു.
- രാത്രികാല അടിയന്തിര വെറ്ററിനറി സേവനത്തിലുള്ള ബഡ്ജറ്റ് വിഹിതം നിലവിലുള്ള 5.41 കോടി രൂപയിൽ നിന്നും 6.12 കോടി രൂപയായി വർദ്ധിപ്പിച്ചു. ഇതോടെ രാത്രികാല അടിയന്തിര വെറ്ററിനറി സേവനം ലഭ്യമാവുന്ന ബ്ലോക്കുകളുടെ എണ്ണം 85 ആയി വർദ്ധിപ്പിച്ചിട്ടുണ്ട്.

(സി) വായ്പയെടുത്ത് കടക്കെണിയിലായ ക്ഷീര കർഷകരെ സഹായിക്കാനായി കടാശ്വാസ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ ?

(സി) ക്ഷീരകർഷകരെ സഹായിക്കുന്നതിനായി 2016-2017 -ൽ കടാശ്വാസ പദ്ധതി പ്രകാരം 5 കോടി രൂപ അനുവദിക്കുകയും ടി തുക പൂർണ്ണമായി വിനിയോഗിക്കുകയും അതിന്റെ പ്രയോജനം 2285 കർഷകർക്ക് ലഭിക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ